# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2514 09.03.2017 ന് മറുപടിയ്ക്ക്.

## ആന പുനരധിവാസ കേന്ദ്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ശ്രീലങ്കയിലെ പിന്നെവാല ആന പുനരധിവാസ കേന്ദ്രത്തിന്റെ മാതൃകയിൽ കേരളത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സർക്കാർ നിയന്ത്രണത്തിലാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. ആയത് സർക്കാർ നിയന്ത്രണത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത കേന്ദ്രത്തിനായി എവിടെയെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; | (ബി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിലുള്ള കോട്ടൂർ എന്ന സ്ഥലത്തെ നിലവിലെ ആന പുനരധിവാസ കേന്ദ്രം വിപുലപ്പെടുത്തുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) കേന്ദ്രസർക്കാർ നാട്ടാന പരിപാലനത്തിന് നൽകുന്ന സഹായം പര്യാപ്തമാണോയെന്ന് അറിയിക്കുമോ; പര്യാപ്തമല്ലെങ്കിൽ അത് വർദ്ധിപ്പിച്ച് കിട്ടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (സി) 2016-17-ൽ 52.5 ലക്ഷം രൂപയുടെ പദ്ധതി ഇന്ത്യാ ഗവൺമെന്റ് ക്യാപ്റ്റീവ് എലിഫന്റ് മാനേജ്മെന്റ് ആന്റ് വെൽഫെയർ സ്കീമിൽ അംഗീകരിക്കുകയും ആയതിന്റെ കേന്ദ്ര സഹായമായ 60% തുകയായ 31.5 ലക്ഷം രൂപയിൽ 25.20 ലക്ഷം രൂപ ഇതുവരെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട സ്കീമിൽ ബാക്കി തുക ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ